# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3679 20.06.2018 — ൽ മറുപടിക്ക്

## കാര്യക്ഷമമായി ഇ-പോസ് സംവിധാനം നടപ്പാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ വിതരണത്തിന് ഇ-പോസ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നയിടങ്ങളിൽ വൈദ്യുതി തകരാറും ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതിനാലും ഗുണഭോക്താക്കൾക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | സംസ്ഥാനത്ത് മൊബൈൽ നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ മറ്റെല്ലാ കടകളിലും മെഷീനുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ട്. കണക്ടിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തിരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടു വന്ന മെഷീനുകൾ മാറ്റി അടിയന്തിരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്. ചില സമയങ്ങളിൽ നെറ്റ്‌വർക്ക് തടസ്സം അനുഭവപ്പെടുന്നുണ്ടെങ്കിലും റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല |
| (ബി) എങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കി, കാര്യക്ഷമമായി ഇ-പോസ് സംവിധാനം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സംവിധാനം പ്രവർത്തിക്കാതെ വന്നാൽ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടില്ലാത്ത തരത്തിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികളും സംവിധാനവും ഒരുക്കുമോ? | | |

സെക്ഷൻ ഓഫീസർ